(ബി) ഇ.പി.എഫ്. സ്കീമിൽ 16-11-1995 മുതൽ മാത്രം സർവീസ് കണക്കാക്കുന്നതുകൊണ്ടും 6,500 രൂപ ശമ്പള പരിധി നിശ്ചയിച്ചിട്ടുള്ളതിനാലും കൂടുതൽ സർവ്വീസുള്ള ജീവനക്കാരെ ഇത് പ്രതികൂലമായി ബാധിക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതൽ മെച്ചപ്പെട്ട പെൻഷൻ പദ്ധതി നിലവിലുള്ള സംസ്ഥാനങ്ങളിൽ ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽനിന്നും ഒഴിവാക്കാൻ ഇ.പി.എഫ്.-ന്റെ 17(1) സി. വകുപ്പ് പ്രകാരം അധികാരമുണ്ടോ;

(ഡി) എങ്കിൽ സ്വാശ്രയ പെൻഷൻ പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് ഇ.പി.എഫ്.-ൽ ചേരാൻ നിർബന്ധിതരായ സഹകരണ ജീവനക്കാരെക്കൂടി അതിൽ നിന്നൊഴിവാക്കി സ്വാശ്രയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല; ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

സഹകരണ നിയമാവലിക്കും ചട്ടങ്ങൾക്കും വിരുദ്ധമായ നടപടി

149 [2276] ശ്രീ. ജോസഫ് എം. പുതുശ്ശേരി:

„ തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻമത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമാവലിക്കും ചട്ടങ്ങൾക്കും വിരുദ്ധമായി സഹകരണ ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതായുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം നടപടികളെ ഒഴിവാക്കാനായി ശിക്ഷാനിയമങ്ങൾ ഉചിതമായും കാലാനുസൃതമായും പരിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) ജീവനക്കാരുടെ ശിക്ഷണ നടപടികൾ വിവരിക്കുന്ന ചട്ടം 198-ൽ, സ്ഥാപിത താൽപര്യങ്ങളുടെ പേരിൽ, സംഘം ഭാരവാഹികൾ ദുരുപയോഗം ചെയ്യുന്നതായുള്ള പരാതി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ചുള്ള കണക്കുകൾ സഹിതം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലോചിക്കുന്നുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) പരാതികൾ ഏത് കാലയളവിൽ ലഭിച്ചിട്ടുള്ളവയാണെന്ന് ചോദ്യത്തിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ കണക്കുകൾ സമർപ്പിക്കുവാൻ സാധിക്കുന്നില്ല.

പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനം പി.എസ്.സി. മുഖേനയാക്കാൻ നടപടി

150 [2277] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച ഭേദഗതി

151 [2278] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സാമിനേഷൻ ബോർഡിന്റെ കാര്യത്തിൽ സഹകരണ ചട്ടങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) സഹകാരികളുടെയോ, സംസ്ഥാന സഹകരണ യൂണിയന്റേയോ, ക്രെഡിറ്റ് സംഘങ്ങളുടെയോ ശുപാർശയിൻമേലാണോ ഭേദഗതി വരുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആരുടെ ശുപാർശയിന്മേലാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly